പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5768

02.07.2014 ന് മറുപടിയ്ക്ക്

## സെക്യൂരിറ്റി സ്കിൽഡ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ഡി. സതീശൻ :<br>ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. വി.പി. സജീന്ദ്രൻ :<br>ശ്രീ. വി.റ്റി. ബൽറാം : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സെക്യൂരിറ്റി സ്കിൽഡ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് നിലവിൽ വന്നിട്ടുണ്ടോ ; വിശദമാക്കമോ ; | (എ) സെക്യൂരിറ്റി സ്കില്ലിൽ പരിശീലനം നൽകി വിദേശത്ത് തൊഴിലുറപ്പാക്കുന്നതിനായി Group-L (Abu-Dhabi) പ്രൈവറ്റ് ലിമിറ്റഡിനെയും സ്വദേശത്ത് തൊഴിൽ ഉറപ്പാക്കുന്നതിനായി പ്രാഗ്മാറ്റിക്ക് എഡ്യൂക്കേഷൻ സൊസൈറ്റിയെയും, കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ഇന്ത്യക്കകത്തും പുറത്തും സെക്യൂരിറ്റി മേഖലയിലുള്ള ആവശ്യകത കണക്കിലെടുത്ത്, ഈ മേഖലയിൽ വിദഗ്ധരായ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്നതാണ് പ്രധാന ഉദ്ദേശ്യലക്ഷ്യം. |
| (സി) വിവിധ മേഖലകളിലെ തൊഴിലാളികളുടെ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കമോ; | (സി) വിവിധ മേഖലകളിലെ തൊഴിലാളികളുടെ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിനായി പരിശീലന മേഖലകളിലെ പ്രായോഗികത പരിശോധിച്ചുവരുന്നു. |
| (ഡി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതുവഴി നടത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) വിവര സാങ്കേതിക വിദ്യയുടെ വളർച്ചയ്ക്ക് ആവശ്യമായ സെക്യൂരിറ്റി പരിശീലന പരിപാടികൾ ഉറപ്പാക്കുക, സെക്യൂരിറ്റി മേഖലകളിലെ അവസരങ്ങൾക്ക് അനുയോജ്യമായ കോഴ്സുകൾ നടപ്പിലാക്കി ഇന്ത്യക്കകത്തും പുറത്തും ഈ മേഖലയിൽ പ്രാവീണ്യം ലഭിച്ചവർക്ക് തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുക എന്നീ പ്രവർത്തനങ്ങളാണ് ഇതുവഴി നടത്താനുദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ